## പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.3263 — 11.12.2014-ലെ മറുപടിക്ക്

# പൊതുമരാമത്ത് വകുപ്പിലെ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തിക

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ. ദാസൻ | | ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പ് മന്ത്രി) | |
| (എ) | പൊതുമരാമത്ത് വകുപ്പിൽ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തിക ഒഴിഞ്ഞു കിടക്കുന്നതായും അതുവഴി എം.എൽ.എ.-മാരുടെ പ്രാദേശിക വികസന ഫണ്ട് ഉപയോഗിക്കുന്നത് ഉൾപ്പെടെയുള്ള വികസന പ്രവർത്തനങ്ങൾക്ക് തടസ്സം നേരിടുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | മതിയായ യോഗ്യതയുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെ കിടക്കുന്ന പട്ടിക വർഗ്ഗ വിഭാഗത്തിനായി നീക്കിവച്ചിട്ടുള്ള 34 അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ ഒഴിവുകൾ പൊതുമരാമത്ത് വകുപ്പിൽ നിലവിലുണ്ട്. പ്രസ്തുത ഒഴിവുകൾ മൂലം വികസന പ്രവർത്തനങ്ങൾക്ക് തടസ്സം നേരിടാതിരിക്കാൻ ഇവയുടെ അധിക ചുമതല ബന്ധപ്പെട്ട മറ്റ് ഉദ്യോഗസ്ഥർക്ക് നൽകിയിരിക്കുകയാണ്. |
| (ബി) | പ്രസ്തുത വകുപ്പിൽ ആകെയുള്ള അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികകളുടെ എണ്ണം എത്ര; ഒഴിവുള്ളവ എത്ര; ഇവയിൽ ബിരുദധാരികൾക്കായി മാറ്റി വച്ചവ എത്ര ; | (ബി) | ആകെ അസിസ്റ്റന്റ് എഞ്ചിനീയർ - 638<br>ബിരുദധാരികൾക്കായി മാറ്റിവച്ചത് -383<br><br>ഒഴിവുകൾ-34 (പട്ടികവർഗ്ഗക്കാർക്കായി മാറ്റി വയ്ക്കപ്പെട്ടത്) |
| (സി) | പ്രമോഷൻ വഴി ഡ്രാഫ്റ്റ്സ്മാൻമാർക്ക് നിയമനം ലഭിക്കേണ്ട തസ്തികകൾ എത്രയെന്ന് വ്യക്തമാക്കാമോ; | (സി) | ഡിപ്ലോമ വിഭാഗത്തിലുള്ള ഉദ്യോഗാർത്ഥികൾക്കായി 191-ഉം സർട്ടിഫിക്കറ്റ് വിഭാഗത്തിനായി 64-ഉം തസ്തികകളാണ് പ്രമോഷൻ വഴി ഡ്രാഫ്റ്റ്സ്മാൻമാരുടെ നിയമനത്തിനായി മാറ്റി വച്ചിട്ടുള്ളത്. |

| | | | |
|---|---|---|---|
| (ഡി) | അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം ലഭിക്കുന്നതിന് സ്പെഷ്യൽ റൂൾ പ്രകാരം 3:7 അനുപാതം പാലിക്കുന്നില്ല എന്ന പരാതി ലഭിച്ചിട്ടുണ്ടോ ; പരാതിയിന്മേൽ എന്തെല്ലാം നടപടികൾ കൈക്കൊണ്ടുവെന്ന് വ്യക്തമാക്കാമോ ; | (ഡി) | ഇത്തരത്തിലൊരു പരാതി ലഭിച്ചിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയർ നിയമനത്തിനും പ്രമോഷനും ഉള്ള അനുപാതം 6:3:1ആണ്. ഇത് കൃത്യമായി പാലിച്ചുകൊണ്ടാണ് നിയമനവും പ്രമോഷനുകളും നടത്തുന്നത്. |
| (ഇ) | സർട്ടിഫിക്കറ്റ് ക്വാട്ടയിൽ എത്ര പേർ നിലവിലുണ്ട്; എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ; ഒഴിവ് നികത്തുന്നതിന് നടപടി കൈക്കൊള്ളുമോ ? | (ഇ) | നിലവിൽ 63 പേർ സർട്ടിഫിക്കറ്റ് ക്വാട്ടയിൽ തുടരുന്നുണ്ട്. 30.11.2014-ലെ റിട്ടയർമെന്റിനു ശേഷം ഒരു ഒഴിവ് നിലവിലുണ്ട്. അത് നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ